# പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1299 20.03.2012-ൽ മറുപടിയ്ക്ക്

## കേരളത്തിലെ വിനോദ സഞ്ചാര മേഖല

| *ചോദ്യം* | *ഉത്തരം* |
|---|---|
| ശ്രീമതി കെ.എസ്. സലീഖ | **ശ്രീ.എ.പി.അനിൽകുമാർ (പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി)** |
| (എ) 2011 വർഷത്തിൽ എത്ര വിദേശ സഞ്ചാരികൾ കേരളം സന്ദർശിച്ചു; 2010-ൽ എത്രപേർ സന്ദർശിച്ചു എന്നത് വ്യക്തമാക്കുമോ; | (എ) 2011 വർഷം 7,32,985 വിദേശ സഞ്ചാരികൾ കേരളം സന്ദർശിച്ചു. 2010-ൽ കേരളം സന്ദർശിച്ച വിദേശ സഞ്ചാരികളുടെ എണ്ണം 6,59,265 ആണ്. |
| (ബി) 2011 വർഷം ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണം എത്ര ആയിരുന്നു; ആയത് 2010-ൽ എത്രയായിരുന്നുവെന്ന് അറിയിയ്ക്കുമോ; | (ബി) 2011 വർഷം ആഭ്യന്തര വിനോദ സഞ്ചാരികളുടെ എണ്ണം 93,81,455 ആണ്. 2010 വർഷം ആഭ്യന്തര വിനോദ സഞ്ചാരികളുടെ എണ്ണം 85,95,075 ആയിരുന്നു. |
| (സി) കഴിഞ്ഞ വർഷം സംസ്ഥാനത്ത് വിനോദസഞ്ചാര മേഖലയിൽ വിദേശ നാണ്യത്തിലൂടെയുള്ള വരുമാനം എത്ര കോടി രൂപയായിരുന്നു; എത്ര ശതമാനം വർദ്ധനവാണ് 2010 നെക്കാൾ ഉണ്ടായത്; വ്യക്തമാക്കുമോ; | (സി) 2011 വർഷം സംസ്ഥാനത്ത് വിനോദ സഞ്ചാര മേഖലയിൽ നിന്നും 4221.99 കോടി രൂപയുടെ വിദേശ നാണ്യം ലഭിച്ചു. 2010-നേക്കാൾ 11.18 ശതമാനം വർദ്ധനവാണ് ഉണ്ടായത്. |
| (ഡി) വിനോദസഞ്ചാര മേഖലയിലെ മൊത്തം വരുമാനം കഴിഞ്ഞ വർഷം എത്ര കോടി രൂപയായിരുന്നു; ഇത് തൊട്ടു മുമ്പുള്ള | (ഡി) 2011 വർഷം വിനോദ സഞ്ചാര മേഖലയിലെ മൊത്ത വരുമാനം 19037 കോടി രൂപയായി കണക്കാക്കിയിരിക്കുന്നു. ഇത് |

| | | | |
|---|---|---|---|
| | വർഷത്തെക്കാൾ എത്ര ശതമാനം കൂടുതലാണെന്ന് വ്യക്തമാക്കുമോ; | | തൊട്ടു മുമ്പുള്ള വർഷത്തേക്കാൾ 9.74 ശതമാനം കൂടുതലാണ് . |
| (ഇ) | വിദേശ സഞ്ചാരികളിൽ ഏറ്റവും കൂടുതൽ പേർ കേരളം സന്ദർശിക്കുന്നത് ഏത് രാജ്യത്ത് നിന്നുമാണ്; തൊട്ടുപിന്നിൽ ഏതൊക്കെ രാജ്യങ്ങളിൽ നിന്നുമാണ് എന്നത് വിശദമാക്കുമോ; | (ഇ) | വിദേശ സഞ്ചാരികളിൽ ഏറ്റവും കൂടുതൽ പേർ കേരളം സന്ദർശിക്കുന്നത് യു.കെ.യിൽ നിന്നാണ്. തുടർന്ന് വരുന്നത് ഫ്രാൻസ്,ജർമ്മനി, യുണൈറ്റഡ് സ്റ്റേറ്റ്സ് ഓഫ് അമേരിക്ക, ആസ്ട്രേലിയ, മലേഷ്യ, കാനഡ, നെതർലാൻഡ്സ്, യു.എ.ഇ, ഇറ്റലി, സൗദി അറേബ്യ, സ്വിറ്റ്സർലാൻഡ്, സ്പെയിൻ, സ്വീഡൻ, റഷ്യ എന്നീ രാജ്യങ്ങളാണ്. |
| (എഫ്) | മുല്ലപ്പെരിയാർ പ്രശ്നം ടൂറിസം മേഖലയെ ബാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (എഫ്) | മുല്ലപ്പെരിയാർ പ്രശ്നം ഇടുക്കി ജില്ലയിലെ ടൂറിസം മേഖലയെ നേരിയ തോതിൽ ബാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ